മദ്യവും മലയാളിയും നൂറ്റാണ്ടുകളിലൂടെ

ജോയി ചക്കുപുരയ്ക്കൽ, ചങ്ങനാശേരി

മനുഷ്യവംശത്തിന്റെ ഉല്പത്തികാലം മുതൽ ലഹരി വസ്തുക്കളുടെ ഉപയോഗം മനുഷ്യൻ നടത്തിയിരുന്നതായി കേട്ടിട്ടുണ്ട്. ചരിത്രാതീതകാലം മുതൽ ഇതിഹാസങ്ങളിലും പുരാണങ്ങളിലും ഉള്ള കഥാപാത്രങ്ങൾ മദ്യം സേവിച്ചിരുന്നതായി പറയപ്പെടുന്നു. രാജാക്കന്മാരും ചക്രവർത്തിമാരും മദ്യത്തിനും മദിരാക്ഷിമാർക്കും അടിമപ്പെട്ടു ജീവിച്ചിരുന്നതായി കേൾക്കുന്നു. ദേവലോകത്ത് അസുരന്മാർ മാത്രമല്ല ദേവന്മാരും മദ്യലഹരിയിൽ ആടിത്തിമിർത്ത് ജീവിച്ചതായി കേട്ടിട്ടുണ്ട്. ലോകത്തിലെ മറ്റു പല ഇതിഹാസഗ്രന്ഥങ്ങളിലും ഉള്ള കഥാപാത്രങ്ങൾ മദ്യത്തിന് അടിമകളായി മാറിയ സന്ദർഭങ്ങൾ കാണുന്നുണ്ട്. യുഗായുഗാന്തരങ്ങളായി ഈ ശീലം മനുഷ്യൻ തുടരുകയും കാലം കടക്കുന്തോറും അവയുടെ ഉപയോഗം വർദ്ധിച്ചു വരുകയും ചെയ്തുപോന്നു.

കേരളത്തിന്റെ അഭിമാന പാനീയമായ കള്ള് പ്രകൃതിയുടെ വരദാനം തന്നെയായിരുന്നു. അത് മനുഷ്യമനസ്സിനെ വല്ലാതെ സ്വാധീനിക്കുകയും, ഹരം പിടിപ്പിക്കുകയും ചെയ്യുന്ന ഒരു ലഹരി പാനീയമാണ്. മനുഷ്യനെ സ്വാഭാവിക അവസ്ഥയിൽ നിന്ന് മറ്റൊരു തലത്തിലേക്ക് എത്തിക്കുന്ന ഒന്നാണ് ലഹരി. ചിലർക്ക് അത് ആസ്വാദ്യതരമായ അനുഭൂതിയും മറ്റു ചിലർക്കു എല്ലാം മറക്കാനുള്ള ഒരു ഉപാധിയുമാണ്. പണ്ട് കാലം മുതൽ ശരീരത്തിനും ആരോഗ്യത്തിനും ദോഷമുണ്ടാക്കാത്ത ഒരു ഉത്തമപാനീയമായിട്ടാണ് ശുദ്ധകള്ളിനെ സമൂഹം കണക്കാക്കിയിരുന്നത്. മനസ്സിനും ശരീരത്തിനും ഉത്തേജകമായ ഒരു ഔഷധമായിട്ടാണ് പഴയതലമുറ ഇതിനെ കണക്കാക്കിയിരുന്നത്. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും മനുഷ്യമനസ്സിനെ വല്ലാതെ മോഹിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യുന്ന മറ്റൊരു പാനീയം കേരളക്കരയിൽ ഇല്ലായിരുന്നു. ഇത് ആസ്വദിച്ചറിഞ്ഞവർക്കേ ഇതിന്റെ വശ്യത ബോധ്യം വരുകയുള്ളൂ. കേരം തിങ്ങും കേരള നാട്ടിലെ പ്രകൃതിദത്തമായ ശുദ്ധമായ കള്ളിന് ഏറെ പ്രിയം ഉള്ള ഒരു കാലഘട്ടം ഉണ്ടായിരുന്നു. മായം ചേർക്കാത്ത ശുദ്ധമായ കള്ള് പ്രകൃതിയുടെ വരദാനം തന്നെയാണ്.

കേരളത്തിലെ തെങ്ങിൻ കള്ളിനെ പുളിപ്പിക്കാതെ സംസ്കരിച്ചെടുത്താൽ ആരോഗ്യദായകമായ "നീര" എന്ന ഉൽപ്പന്നം ലഭിക്കും. ഇന്ന് സർക്കാരിന്റെ ഉടമസ്ഥതയിൽ "നീര" എന്ന പാനീയത്തിന് വമ്പിച്ച പ്രചാരവും കച്ചവട സാധ്യതകളും ലഭിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ഒട്ടുമിക്ക വീടുകളിലും ആഹാരപദാർത്ഥങ്ങൾ പുളിപ്പിച്ചെടുക്കാൻ തെങ്ങിൻ കള്ള് ഉപയോഗപ്പെടുത്തിയിരുന്നു. ശുദ്ധമായ തെങ്ങിൻ കള്ള് ഊറ്റി സൂക്ഷിച്ചുവച്ചാണ് വിന്നാഗിരി ഉണ്ടാക്കാറുള്ളത്. അച്ചാറുപോലെ ദീർഘനാൾ സൂക്ഷിച്ചു വച്ചു ഉപയോഗിക്കേണ്ട ഭക്ഷണ പദാർത്ഥങ്ങൾ പൂപ്പലും കേടുംകൂടാതെ വയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനും വിന്നാഗിരി ഒരു വലിയ പങ്ക് വഹിക്കുന്നു. പ്രകൃതി ദത്തമായ Preservative യായി ഇതിനെ കണക്കാക്കുന്നു.

കേരളത്തിലെ ജനസംഖ്യയിൽ നല്ലൊരു ഭാഗം ആൾക്കാർ, ജാതി-മത-വർഗ്ഗ-രാഷ്ട്രീയ പ്രായവ്യത്യാസം ഇല്ലാതെ, ഈ പ്രകൃതി ദത്തമായ കള്ള് ആസ്വദിച്ച മധുരസ്മരണകളിൽ ഇന്നും ജീവിക്കുന്നു. സൗഹൃദം പുതുക്കാൻ ഏറ്റം പറ്റിയ വഴിയായിരുന്നു കള്ളുഷാപ്പിലെ ഒത്തുചേരൽ. കള്ള് കുടിക്കുന്ന പലരും പൂർവ്വികരായവരെ ഓർമ്മിച്ച് അവർക്കു സമർപ്പിച്ചിട്ടാണ് കള്ള് മോന്തിയിരുന്നത്. ചൂണ്ടുവിരൽ കള്ളിൽ മുക്കി തർപ്പണം ചെയ്താണ് കുടിക്കാറുള്ളത്. പല കാരണവന്മാരുടെയും ദൗർബല്യമായിരുന്നു കള്ളുകുടി അന്ന്. കള്ളു കുടിക്കാതെ ഉറക്കം കിട്ടാത്ത അവസ്ഥയിലായിരുന്നു പലരും. ശത്രുക്കൾക്കുപോലും എതിരഭിപ്രായം ഇല്ലാത്ത ശുദ്ധമായ കള്ളായിരുന്നു അന്നത്തേത്. ഗതകാല സ്മരണകളെ അയവിറക്കാൻ ഇത്രയും ചിലവുകുറഞ്ഞ മറ്റൊരു പാനീയവും മാർഗ്ഗവും അവർക്കു ഇല്ലായിരുന്നു. പലരിൽ നിന്നും പല രഹസ്യങ്ങളും ചോർത്തിയെടുക്കാൻ എളുപ്പ വഴിയായി കള്ള് സൗജന്യമായി വാങ്ങികൊടുക്കുന്ന രീതി പണ്ട് ഉണ്ടായിരുന്നു. കള്ള് ഉള്ളിൽ ചെന്നാൽ തുറന്ന മനസ്സോടെ എല്ലാം വിളിച്ചു പറയുന്ന അവസ്ഥ മനുഷ്യ മനസ്സിന്റെ ബലഹീനതയായിരുന്നു.

തെങ്ങ് ഒരു കല്പവൃക്ഷമാണ്. അതിന്റെ എല്ലാ ഭാഗങ്ങളും മനുഷ്യന് അത്യന്താപേക്ഷിതമായ വസ്തുക്കളാണ്. തെങ്ങിന്റെ കുലകളിലെ ചൊട്ട (പൂക്കുല) ചെത്തി എടുത്താണ് കള്ള് ഉദ്പാദിപ്പിച്ചിരുന്ന ത്. ദിവസം രണ്ടു നേരം രാവിലെയും വൈകുന്നേരവും തെങ്ങിൻ കുലകളിലെ ചൊട്ടയിൽ നിന്ന് ഊറിവരുന്ന മധുരപാനീയമായ കള്ള് മൺകുടങ്ങളിൽ ശേഖരിച്ച് കള്ള് ഷാപ്പുകളിൽ എത്തിക്കുക ശ്രമകരമായ തൊഴിലാണ്. സമയം കുഴിയുന്തോറും കള്ളിന്റെ വീര്യം വർദ്ധിച്ചുവരുന്നു. കേരളക്കരയിലെ ഏറ്റവും വലിയ വ്യവസായം തന്നെയായിരുന്നു കള്ള് ഉദ്പാദനവും വിതരണവും. ലക്ഷകണക്കിന് തൊഴിലാളികളും പാചകക്കാരും അന്തസ്സായി ജീവിതം നിലനിർത്തിപോന്നത് ഈ വ്യവസായം മൂലമാണ്. സർക്കാരിന്റെ നിലനിൽപ്പിന് ആധാരമായ ഈ വ്യവസായം തികച്ചും ജനകീയമായ ഒരു പ്രതിഭാസം തന്നെയാണ്. നൂറ്റാണ്ടുകളായി കള്ളും, അത് ഉളവാക്കുന്ന മധുരതരമായ ജീവിതശൈലിയും എല്ലാം ഒരു സംസ്കാരം തന്നെ നിലനിർത്തി പോന്നിരുന്നു.

കള്ളു കുടിക്കാൻ ആസ്വാദകർ ഏറിയപ്പോൾ കള്ളു ഷാപ്പുകൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും സർവ്വ സാധാരണമായി. ഗ്രാമീണ ജീവിതത്തിൽ കള്ളുഷാപ്പു ഒഴിച്ചുകൂടാനാവാത്ത സ്ഥാപനമായി മാറി. സാധാരണക്കാരായ നാട്ടുകാരും അദ്ധ്വാനിക്കുന്ന തൊഴിലാളികളും മുതലാളിമാരും ഒന്നിച്ച് ഒരു കുടക്കീഴിൽ എന്നപോലെ അവരുടെ ജീവിതയുദ്ധത്തിന്റെ ആരവം ഒഴിക്കുന്ന സായംസന്ധ്യാവേളകളിൽ ശരീരത്തിന്റെ ക്ഷീണം അകറ്റാനും, മനസ്സിന്റെ പിരിമുറക്കങ്ങളിൽ നിന്നും ആശ്വാസം കണ്ടെത്തുവാനും കള്ള് ഷാപ്പുകളെ അഭയം പ്രാപിക്കുക ഒരു നിത്യ സംഭവമായിരുന്നു. പഴയകാലത്ത് വളരെ ശുദ്ധമായ തെങ്ങിൻ കള്ള് തന്നെയാണ് അവർക്ക് കിട്ടിയിരുന്നത്. കള്ളുഷാപ്പുകളിലെ ഭക്ഷണ പദാർത്ഥങ്ങൾ വളരെ പ്രസിദ്ധമായിരുന്നു. അത് സന്ദർശകരെ വല്ലാതെ ആവേശം കൊള്ളിച്ചിരുന്നു. കള്ളു കുടിക്കാത്തവർപോലും അവരുടെ പ്രിയ ഭക്ഷണ പദാർത്ഥങ്ങളായ കപ്പയും മീനും കഴിക്കാൻവേണ്ടി ഷാപ്പുകളിൽ എത്തിയിരുന്നു.

നാടൻ കള്ളു ഷാപ്പുകൾ അന്നത്തെ "വാർത്താ വിതരണ കേന്ദ്രം" കൂടിയായിരുന്നു. അവിടെ ഒത്തു കൂടുന്ന സഹൃദയരായ കലാസ്നേഹികളും ആസ്വാദകരും തങ്ങളുടെ മികവുറ്റ കലാ പ്രകടനങ്ങളുടെ രംഗവേദിയായി ഷാപ്പിനെ കരുതിയിരുന്നു. ടെലിവിഷന്റെയും റേഡിയോയുടെയും അതിപ്രസരം ഇല്ലാതിരുന്ന അക്കാലത്ത് ഇത്തരം കലാരൂപങ്ങൾ ആസ്വദിക്കുവാൻ മറ്റൊരു ഇടം ഇല്ലായിരുന്നു. ശാസ്ത്രീയസംഗീതവും, കഥാകാലക്ഷേപങ്ങളും മിമിക്രികളും എല്ലാം മനുഷ്യരെ കുറെ നേരത്തേക്ക് മറ്റൊരു ലോകത്തിലേക്ക് കൂട്ടികൊണ്ടുപോയിരുന്നു. ഇവിടെ എത്തുന്നവർ പല തുറകളിലും ചരിക്കുന്നവരാണ്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന മത-രാഷ്ട്രീയ-സാമൂഹ്യ പ്രമേയങ്ങൾ സാമൂഹ്യ പ്രതിബദ്ധതയുടെ പ്രതിഫലനമായി കണക്കാക്കിയിരുന്നു. ചില കുടുംബപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും പലരുടെയും പിണക്കങ്ങൾ പറഞ്ഞുതീർക്കാനും മറ്റു ചിലരുടെ വൈരാഗ്യത്തിന്റെ കണക്കുകൾ തീർക്കുന്ന ഇടമായും കള്ളുഷാപ്പുകൾ പരണമിച്ചിരുന്നു. പണ്ട് ഇവിടെ വന്നു പോകുന്ന വിദേശ സഞ്ചാരികളെ ഹരം പിടിപ്പിച്ചിരുന്ന പാനീയമാണ് കള്ള്. അന്തികള്ളും, പുലരികള്ളും അവരുടെ മനസ്സിനെ വല്ലാതെ മോഹിപ്പിക്കുകയും ദാഹിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് സ്ഥിതി ആകെ മാറി. കള്ളിൽ മായം ചേർത്ത് വില്പന തുടങ്ങിയതോടെ ഈ വ്യവസായം നാശോന്മുഖമായി തീർന്നു. കാലവും തലമുറകളും കടന്നുപോയതോടെ ഇതിന്റെ പ്രചാരത്തിന് മങ്ങൽ ഏറ്റു. തെങ്ങിന് പലതരം രോഗങ്ങളാൽ കള്ള് ഉദ്പാദനം കുറയുകയും കൂലി കൂടുകയും ചെയ്തു. വരുമാനം കുറഞ്ഞതോടെ പലരും കള്ളിൽ മായം ചേർത്ത് വില്പന തുടങ്ങിയതോടെ കള്ള് നിത്യ ജീവിതത്തിൽനിന്ന് അകലാൻ തുടങ്ങി.

ഈ ദുർസ്ഥിതി മാറി കള്ള് വ്യവസായത്തിന് ഭാസുരമായ ഭാവി ഉണ്ടാകണമെങ്കിൽ കള്ളിന്റെ ഗുണനിലവാരം ഉയർത്തി ദോഷവശങ്ങൾ ഇല്ലാതാക്കി. ശുദ്ധമായ തെങ്ങിൻ കള്ള് ഷാപ്പുകളിൽ കിട്ടി തുടങ്ങണം. നല്ല ഭംഗിയും വൃത്തിയും ഉള്ള അന്തരീക്ഷങ്ങളോടും മാന്യമായ സമീപനങ്ങളോടും കൂടെ കള്ള് ഷാപ്പുകൾ ആധുനീകരിക്കണം. കള്ളിന്റെ ഗുണനിലവാരം തുടരെ പരിശോധിക്കാൻ വേണ്ട നടപടി ഉണ്ടാവണം. സ്റ്റാർ ഹോട്ടലുകൾ പോലെ ആധുനിക റ്റോഡി പാർലറുകൾ സജ്ജമാക്കണം. നമ്മുടെ ടൂറിസം വികസിക്കുന്നതോടെ വിദേശ സഞ്ചാരികളുടെ വരവും കൂടിക്കൂടിവരും. വിദേശ സഞ്ചാരികളുടെ ജീവനും സ്വത്തിനും ഉറപ്പ് ഉണ്ടാവണം. കേരളത്തിന്റെ അഭിമാന പാനീയമായ തെങ്ങിൻ കള്ള് ലോകത്തിന് സമർപ്പിക്കുവാൻ നമുക്ക് കഴിയണം. ടൂറിസ്റ്റുകൾ ഈ കള്ളിന്റെ ഹൃദ്യത ആസ്വദിക്കട്ടെ. നമുക്കു അതിനായി പ്രതിജ്ഞ എടുക്കാം.